# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 950      01.03.2017 -ൽ മറുപടിക്ക്

## ഭാരതപ്പുഴയുടെ സംരക്ഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | ശ്രീ. മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഭാരതപ്പുഴയുടെ സംരക്ഷണവും പുഴയിലെ ജല സംരക്ഷണവും ജല വിഭവ വകുപ്പ് നേരിട്ടു തന്നെ ഏറ്റെടുത്ത് നടപ്പിലാക്കുമോ; വിശദ വിവരം നൽകുമോ; | (എ) | ഭാരതപ്പുഴയുടെ തീരസംരക്ഷണ പ്രവൃത്തികളും ജലസംരക്ഷണ പ്രവൃത്തികളും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ജലസേചനവകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. എന്നാൽ പുഴയിലെ മണലെടുപ്പ് തടയുന്നതും കയ്യേറ്റങ്ങൾ ഒഴിവാക്കുന്നതും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെയും റവന്യു വകുപ്പിന്റെയും പരിധിയിൽ വരുന്ന വിഷയമാണ്. |
| (ബി) | ഭാരതപ്പുഴയിൽ തടയണകൾ കെട്ടി കടിവെള്ള ക്ഷാമവും കൃഷിയ്ക്കുള്ള വെള്ളക്കുറവും പരിഹരിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്? | (ബി) | ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി ഭാരതപ്പുഴയിൽ തടയണകൾ/റഗുലേറ്റർ കം ബ്രിഡ്ജുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ